# മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

## വയനാട് ജില്ല

## എടവക ഗ്രാമ പഞ്ചായത്ത്

## വാർഡ് - 4 പാണ്ടികടവ്

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

01/10/2018 - 31/03/2019

തയ്യാറാക്കിയത്

സോഷ്യൽ ഓഡിറ്റ് ടീം

മാനന്തവാടി ബ്ലോക്ക്

## ആമുഖം

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട എടവക ഗ്രാമപഞ്ചായത്തിലെ നാലാംവാർഡായ പാണ്ടികടവ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില് ഉൾപ്പെട്ടത്തി നടപ്പിലാകിയ 18 പ്രവൃത്തികൾ ആണ് സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

## പ്രവൃത്തികൾ

സോഷ്യൽ ഓഡിറ്റിനുവിധേയമായ കാലയളവിൽ വാർഡ് 4 പാണ്ടിക്കടവില് നടന്ന പ്രവൃത്തികൾ

| നമ്പർ | വർക്ക് കോഡ് | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|
| 1. | 1603002001/LD/314015 | ഫാം ബന്ഡിംഗ് അഗ്രഹാരം പ്രദേശം (റീ. 1) | 3,85,085 | 2,94,504 |
| 2. | 1603002001/LD/314016 | ഫാം ബന്ഡിംഗ് പാണ്ടിക്കടവ് പ്രദേശം (റീ. 1) | 3,85,085 | 2,58,905 |
| 3. | 1603002001/LD/314070 | ഫാം ബന്ഡിംഗ് പഴശ്ശിക്കുന്ന് പ്രദേശം (റീ. 1) | 3,85,085 | 3,63,008 |
| 4. | 1603002001/LD/314017 | ഫാം ബന്ഡിംഗ് മുത്താറിമൂല പ്രദേശം (റീ. 1) | 3,85,085 | 3,20,177 |
| 5. | 1603002001/IF/381234 | ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ആയിഷ കെ | 42,500 | 23,577 |
| 6. | 1603002001/IF/370218 | ലൈഫ് ഭവന നിർമ്മാണം ഗിരിജ | 42,000 | 18,970 |
| 7. | 1603002001/IF/359874 | ലൈഫ് ഭവന നിർമ്മാണം റജീന | 25,390 | 17,344 |

| | | | | |
|---|---|---|---|---|
| 8. | 1603002001/IF/381230 | ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം സാഹിറ നവീങ്കുമാര് | 42,500 | 36,390 |
| 9. | 1603002001/IF/363961 | ലൈഫ് ഭവന പദ്ധതി സാവിത്രി ബാബുരാജ് | 24,840 | 18,970 |
| 10. | 1603002001/IF/393540 | ലൈഫ് ഭവനം & ഐ എച്ച് എച്ച് എല് സുബൈദ | 42,632 | 24,390 |
| 11. | 1603002001/IF/359837 | ലൈഫ് ഭവന നിർമ്മാണം സുജാത എം ആര് | 25,390 | 24,932 |
| 12. | 1603002001/IF/IAY/129666 | IAY ഭവന നിർമ്മാണം അനിൽ കുമാർ | NA | 23,848 |
| 13. | 1603002001/RS/332693 | ഐ എച്ച് എച്ച് എല് ഷെഫീന പി | 22,848 | 12,000 |
| 14. | 1603002001/RS/336571 | ഐ എച്ച് എച്ച് എല് ഷിജി സാജന് | 15,750 | 12,000 |
| 15. | 1603002001/RS/345550 | ഐ എച്ച് എച്ച് എല് ആയിഷ | 18,000 | 12,000 |
| 16. | 1603002001/RC/272614 | അഗ്രഹാരം പൊയില് റോഡ് കോങ്കീറ്റ് | 5,00,000 | 4,83,046 |
| 17. | 1603002001/RC/273144 | മൂത്താറിമൂലകുന്ന് റോഡ് കോങ്കീറ്റ് | 4,99,500 | 4,90,326 |
| 18. | 1603002001/RC/285704 | അഗ്രഹാരം-മൂത്താറിമൂലകുന്ന് മണ്ണ് റോഡ് | 1,14,250 | 80,057 |
| | ആകെ | | 29,55,940 | 25,14,444 |

# തൊഴിലാളികൾക്കുള്ള അവകാശങ്ങളും കണ്ടെത്തലുകളും

- തൊഴിൽ കാർഡിന് അപേക്ഷിക്കുവാനും അപേക്ഷിച്ച് 14 ദിവസത്തിനുള്ളില് കാർഡ് ലഭിക്കുന്നതിനും ഉള്ള അവകാശം.
  - നിലവിൽ അപേക്ഷിച്ചവർക്കെല്ലാം തന്നെ സമയബന്ധിതമായി കാർഡ് ലഭിച്ചിട്ടുണ്ട്.
- തൊഴിലിന് അപേക്ഷിക്കുന്നതിനുള്ള അവകാശം
  - തൊഴിലാളിക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളില് തൊഴിലാളികള് തൊഴിലിന് അപേക്ഷിച്ചിട്ടില്ല.
- തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴില് ലഭിച്ചില്ല എങ്കില് തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം
  - തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴില് ലഭിച്ചതിനാല് തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടില്ല
- തൊഴിൽ ചെയ്ത 15 ദിവസത്തിനുള്ളില് വേതനം ലഭിച്ചില്ല എങ്കില് നഷ്ടപരിഹാരത്തിനുള്ള അവകാശം(ദിവസ വേതനത്തിന്റെ 0.05%)
  - വേതനം കൃത്യ സമയത്ത് ലഭിക്കുന്നില്ല എന്നത് രേഖാമൂലം പരതിയാക്കി മാറ്റത്തതിനാൽ നഷ്ടപരിഹാരത്തിനുള്ള അവകാശം ലഭിക്കുന്നില്ല.
- തൊഴിലിടങ്ങളിൽ കുടിവെള്ളം, തണൽ, വിശ്രമം, പ്രഥമ ചികിൽസ സൗകര്യം എന്നിവ ലഭിക്കാനുള്ള അവകാശം
  - കുടിവെള്ളം മാത്രമാണ് എല്ലാ തോഴിലിടങ്ങളിലും ലഭ്യമായിട്ടുള്ളത്. തണൽ, വിശ്രമം, പ്രഥമ ചികിൽസ സൗകര്യം എന്നിവ എല്ലാ തോഴിളിടങ്ങളിലും ലഭിക്കുന്നില്ല.
- സർക്കാര് അനുവദിക്കുന്ന മിനിമം വേതനം ലഭിക്കുന്നതിനുള്ള അവകാശം
  - സർക്കാര് അനുവദിച്ച വേതനം കൃത്യമായി ലഭിക്കുന്നുണ്ട്
- പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണ പ്രക്രീയയില് ഇടപെടുന്നതിനുമുള്ള അവകാശം

- ഈ അവകാശം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താന് തൊഴിലാളികൾക്ക് സാധിച്ചിട്ടില്ല.

➢ താമസസ്ഥലത്തിന് 5 കിലോമീറ്റര് ചുറ്റളവില് തൊഴില് ലഭിക്കുന്നതിനുള്ള അവകാശം

- നിലവിൽ 5 കിലോമീറ്റര് ദൂരത്തിനപ്പുറം ആരും തന്നെ പ്രവൃത്തി എടുക്കുന്നില്ല.

➢ 5 വയസ്സില് താഴെപ്രായമുള്ള 5 കുട്ടികളിൽകൂടുതല് തൊഴില് സ്ഥലത്തുണ്ടെങ്കില് ആയയുടെ സേവനം ലഭിക്കാനുള്ള അവകാശം

  - ഇതുവരെ അങ്ങിനെയുള്ള സാഹചര്യം ഇല്ലാത്തതിനാൽ ഈ അവകാശം ഉപയോഗപ്പെടുത്താന് സാധിച്ചില്ല.

➢ സാമൂഹിക പരിശോധന നടത്തുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള അവകാശം

  - ഒരു പരാതിയും ഇതുവരെ നൽകിയിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികള്**

വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികള്

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ,മൺതടയണകള്,അണകൾ,ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും,ജലകൊയ്ത്തിനും സഹായകകരമായ നിർമിതികൾ.
2. ഓരോ നീർത്തടത്തിന്റെയുംസമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകള്.
3. കൊണ്ടൂർ ട്രഞ്ചുകള്, തട്ടുതിരിക്കൽ, കോണ്ടൂര് ബണ്ടുകള്, കല് തടയണകള്, ഗ്യാബിയോൺ നിർമിതികള്, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികള്.
4. സൂക്ഷ്മ –ചെറുകിട ജലസേചന പ്രവൃത്തികളും തൊടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും.
5. ജല സേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും.

6. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. ഇവയിൽനിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പരമർശിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.
7. പൊതു ഭൂമിയിലെ വികസന പ്രവൃത്തികളും.

വിഭാഗം-ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

1. ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ്ജല കൊയ്ത്ത് നിർമ്മിതികള് എന്നിവ ഉൾപ്പെടെയുള്ള ജല സേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങള് ലഭ്യമാക്കല്
2. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ട വിള, കൃഷിഫാം, ഫോറേസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ.
3. ഖണ്ഡിക 5 ല് സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച്കൃഷിക്ക് അനുയോജ്യമാക്കൽ
4. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകള് ആവിഷ്കരിക്കുന്ന മറ്റ് ഭാവന നിർമ്മാണ പദ്ധതികള് പ്രകാരമോ ഏറ്റെടുക്കുന്ന ഭാവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴില് ഘടകം
5. മൃഖ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങള് ആയ കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും
6. മത്സ്യ ബന്ധന പ്രവർത്തനങ്ങള് പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങള് ആയ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങള്,മത്സ്യം സൂക്ഷിയ്ക്കുന്ന കേന്ദ്രങ്ങള് എന്നിവ നിർമ്മിക്കലും വർഷക്കാലത്ത് മാത്രം വെള്ളം ലഭിക്കുന്ന പൊതു കുളങ്ങളില് മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കല്.

വിഭാഗം-സി : ദേശീയ ഗ്രാമീണഉപജീവന മിഷന്റെ നിബന്ധനകള് അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങള്

1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൌകര്യം ഉൾപ്പെടെ ഉള്ള വിടവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൌകര്യങ്ങൾ,ജൈവ വലം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ടിക്കുക വഴി കർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും,
2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡുകളുടെ നിർമ്മാണവും.

വിഭാഗം-ഡി : ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ

1. നിർദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിനും,തുറസ്സായ സ്ഥലങ്ങളില് മല മൂത്ര വിസ്സർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ ,സ്കൂൾ ടോയിലെറ്റുകൾ,അങ്കണവാടി ടോയിലെറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികള്.
2. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,ഓടകൾ കലുങ്കുകള് എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും നിർമ്മാണവും,
3. കളി സ്ഥലങ്ങളുടെ നിർമ്മാണവും,
4. വെള്ള പ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ,വെള്ള ക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജല നിർഗമന പ്രവൃത്തികള്,മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ മെച്ചപ്പെടുത്തല്,തീര പ്രദേശത്തെ സംരക്ഷണത്തിന്നായുള്ള സ്റ്റോം വാട്ടർ ഡ്രയിനുകള് എന്നിവ ഉൾപ്പെടെയുള്ള

പൊതു അടിസ്ഥാന സൌകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും,

5. ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങള്, അങ്കണ വാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ /ബ്ളോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും,
6. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ ശംബരണികളുടെ നിർമ്മാണവും,
7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും.
8. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്ക പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപണികളും,
9. ഇത് സംബന്ധിച്ച സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കര് വിജ്ഞപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

## ഫയൽ പരിശോധനയും കണ്ടെത്തലുകളും

**കവർപേജ്**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും കവർപേജ് ഉണ്ടായിരിക്കേണ്ടതാണ്.
    - ❖ നാലം വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ 18 ഫയലുകളിലും കവർ പേജുകൾ ഉണ്ടായിരുന്നു. എന്നാൽ ഒന്നില് പോലും വാർഷിക മാസ്റ്റര് സർക്കുലര് പ്രകാരമുള്ള കവര് പേജ് ഇല്ല. പ്രവൃത്തിയുടെ പ്രാഥമിക വിവരങ്ങൾ പോലും കവർ പേജില് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

**ചെക്ക് ലിസ്റ്റ്**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും രേഖകളുടെ ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.
    - ❖ നാലാം വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ ഫയലുകളില് ഒരെണ്ണത്തിൽ പോലും ചെക്ക് ലിസ്റ്റ് ഇല്ല.

**ആക്ഷൻ പ്ലാന് കോപ്പി**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും അതാത് പ്രവൃത്തികള് ഉൾപ്പെട്ട ആക്ഷന് പ്ലാന് പേജിന്റെ കോപ്പി ഉണ്ടായിരിക്കേണ്ടതാണ്
    - ❖ നാലാം വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ 18 ഫയലുകളിലും ആക്ഷൻപ്ലാന് പേജിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ് കോപ്പി**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും വിശദമായ എസ്റ്റിമേറ്റ്,ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സർവേ ഡാറ്റാ,എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
    - ❖ നാലം വാർഡില് സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയ 18 ഫയലുകളില് 17 ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ്,അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് ഉണ്ട്

എന്നാൽ ഡ്രോയിങ് & ഡിസൈന് എന്നിവ ഉണ്ടായിരുന്നില. സെകുരില് നിന്ന് ലഭിച്ച കോപ്പിയാണ്. പക്ഷെ വർക്ക്കോഡ് IF/IAY/129666 IAY-ഭവന നിർമ്മാണം അനിൽ കുമാർ എന്ന ഫിയലിൽ എസ്റ്റിമേറ്റ് കോപ്പിയില്ല.

- ❖ തൊഴിലുറപ്പ് പദ്ധതി എൻജിനിയര് വിശദമായ എസിമേറ്റ് കോപ്പിയില് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
- ❖ സർവേഡാറ്റാ, എസ്സ്ടിമേറ്റ്പേജ്, ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട് എന്നിവ ഉണ്ടായിരുന്നില്ല.

**ഭരണനുമതി**

- ➢ ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും ഭരണാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
  - ❖ നാലാം വാർഡില് സോഷ്യല് ഓഡിറ്റ് നടത്തിയ 18 ഫയലുകളില് 17 ഫയലുകളിലും ഭരണാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല സെക്യൂർ കോപ്പി ആണ് ഫയലില് സൂക്ഷിച്ചിട്ടുള്ളത്. പക്ഷെ വർക്ക്കോഡ് IF/IAY/129666 ഭവന നിർമ്മാണം അനിൽ കുമാർ എന്ന ഫിയലിൽ ഭരണാനുമതിയുടെ കോപ്പിയില്ല.

**സാങ്കേതികാനുമതി**

- ➢ ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച ഓരോ ഫയലിലും സാങ്കേതികാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
  - ❖ സാങ്കേതികനുമതിയുടെ കോപ്പി സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 18 ഫയലുകളില് 17ഫയലുകളിലും സൂക്ഷിച്ചിട്ടിട്ടുണ്ട്. പക്ഷെ വർക്ക്കോഡ് IF/IAY/129666 ഭവന നിർമ്മാണം അനിൽ കുമാർ എന്ന ഫിയലിൽ സാങ്കേതികാനുമതിയുടെ കോപ്പിയില്ല.
  - ❖ ചെയർമാന്,കൺവീനര്,കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

**ഡിമാൻഡ് ഫോറം**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും പ്രവൃത്തി ലഭിക്കുന്നതിനായി തൊഴിലാളികള് തൊഴിൽആവശ്യപ്പെടുന്ന ഒരു ഫോറം ഉണ്ടായിരിക്കണം
    - ❖ പ്രവർത്തി കോഡ് LD/314015 ഫാം ബന്ഡിംഗ് അഗ്രഹാരം പ്രദേശം (റീ. 1), LD/314070 ഫാം ബന്ഡിംഗ് പഴശ്ശിക്കുന്ന് പ്രദേശം (റീ. 1), LD/314017 ഫാം ബന്ഡിംഗ് മുത്താറിമൂല പ്രദേശം (റീ. 1), LD/314016 ഫാം ബന്ഡിംഗ് പാണ്ടിക്കടവ് പ്രദേശം (റീ. 1), RC/285704 അഗ്രഹാരം- മൂത്താറിമൂലകുന്ന് മണ്ണ് റോഡ് എന്നീ ഫയലുകളിൽ മാത്രമാണ് തൊഴില് അപേക്ഷ ഫോം ഉള്ളത്.

**വർക്ക് അലോക്കേഷന് ഫോറം**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ ഫയലിലും തൊഴില് അനുവദിച്ചത് സംബന്ധിച്ച വർക്ക് ആലോക്കഷന് ഫോറം ഉണ്ടായിരിക്കണം
    - ❖ ഓഡിറ്റിന് വിധേയമാകിയ വിധേയമാകിയ 18 ഫയലുകളില് 11 ഫയലുകളില് വർക്ക് അലോക്കേഷന് ഫോറം ഇല്ലായിരുന്നു.
    - ❖ പ്രവർത്തി കോഡ് LD/314015 ഫാം ബന്ഡിംഗ് അഗ്രഹാരം പ്രദേശം (റീ. 1), LD/314070 ഫാം ബന്ഡിംഗ് പഴശ്ശിക്കുന്ന് പ്രദേശം (റീ. 1), LD/314017 ഫാം ബന്ഡിംഗ് മുത്താറിമൂല പ്രദേശം (റീ. 1), LD/314016 ഫാം ബന്ഡിംഗ് പാണ്ടിക്കടവ് പ്രദേശം (റീ. 1), RC/285704 അഗ്രഹാരം- മൂത്താറിമൂലകുന്ന് മണ്ണ് റോഡ്, RC/272614 അഗ്രഹാരം പൊയില് റോഡ് കോണ്ക്രീറ്റ്, RC/273144 മൂത്താറിമൂലകുന്ന് റോഡ് കോണ്ക്രീറ്റ് എന്നീ ഫയലുകളില് ആണ് വർക്ക് അലോക്കേഷന് ഫോറം ഉണ്ടായിരുന്നത്.

**ഇ-മസ്റ്റർറോള്**

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ പ്രവൃത്തിക്കുംഇ-മസ്റ്റർ റോള് ഉണ്ടായിരിക്കണം

- ❖ ഓഡിറ്റിന് വിധേയമാക്കിയ 18 പ്രവൃത്തി ഫയലുകളിലും ഇ-മസ്റ്റർ റോളുകള് സൂക്ഷിച്ചിരുന്നു.
- ❖ മസ്റ്റർ റോളുകളില് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പ് സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒപ്പ് രേഖപ്പെടുത്തിയ തിയ്യതി ഇല്ല.
  - ❖ പ്രവൃത്തി കോഡ് - IF/IAY/129666 ഭവന നിർമ്മാണം അനിൽ കുമാർ മസ്റ്റർ റോള് നമ്പര് 19095 നമ്പര് മസ്റ്റർ റോളില് തിരുത്തലുകൾ വന്നിട്ടുണ്ട്. സീറോ മാർക്കിട് എന്ന്എഴുതിയിരിക്കുന്നു.
  - ❖ പ്രവൃത്തി കോഡ്. RC/272614 അഗ്രഹാരം പൊയില് റോഡ് കോണ്ക്രീറ്റ് മസ്റ്റർ റോള് നമ്പര് 10519 ല് ഒപ്പിനു പകരം ശരി രേഖപ്പെടുത്തിയിരിക്കുന്നു.
  - ❖ പ്രവൃത്തി കോഡ്. RC/273144 മൂത്താറിമൂലകുന്ന് റോഡ് കോണ്ക്രീറ്റ് 15996 മസ്റ്റർ റോള് നമ്പര് മസ്റ്റർ റോളില് വേലായുധന് എന്ന തൊഴിലാളി 7 ദിവസം തുടർച്ചയായി പണിയെടുതതായി കണ്ടു.

    ഈ തൊഴിലാളിയുടെ ടോട്ടല് അത്റെന്റെൻസ് കോളംവെട്ടിതിരിതിയിട്ടുണ്ട്.

**മെഷർമെന്റ് ബുക്ക് (അളവ് പുസ്തകം)**

- ➢ ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ പ്രവൃത്തിക്കും അളവ് രേഖപ്പെടുത്തുന്ന പുസ്തകം ഉണ്ടായിരിക്കണം
  - ❖ പരിശോധനക്ക് വിധേയമാക്കിയ 18 പ്രവൃത്തികളുടെയും ഫയലില് എം.ബുക്ക് സൂക്ഷിച്ചിട്ടുണ്ട്
  - ❖ എന്നാൽ വ്യക്തിഗത ഉപഭോക്താക്കളുള്ള തരം പ്രവൃത്തികളില് ഓരോ വ്യക്തിയുടെ പറമ്പിലും എത്ര അളവിലാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല.

**വേജ് ലിസ്റ്റ്**

- ➢ ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ മസ്റ്റര് റോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരിക്കണം.

- ❖ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 18 ഫയലുകളില് 15 ഫയലുകളില് വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.
- ❖ പ്രവർത്തി കോഡ് RC/273144 മൂത്താറിമൂലകുന്ന് റോഡ് കോങ്കീറ്റ്, RC/272614 അഗ്രഹാരം പൊയില് റോഡ് കോങ്കീറ്റ്, RS/336571 ഐ എച്ച് എച്ച് എല് ഷിജി സാജന് എന്നീ ഫയലുകളില് മാത്രമാണ് വർക്ക് വേജ് ലിസ്റ്റ് ഉണ്ടായിരുന്നത്.

**ഫണ്ട് ട്രാൻസ്ഫര് ഓർഡര് (എഫ്.ടി.ഒ)**

- ❖ ഓഡിറ്റിന് വിധേയമാകിയ 18 ഫയലുകളിൽ 3 ഫയലുകളില് മാത്രമാണ് എഫ്.ടി.ഒ ഉണ്ടായിരുന്നത്.

  RC/272614 അഗ്രഹാരം പൊയില് റോഡ് കോങ്കീറ്റ്, RS/332693 ഐ എച്ച് എച്ച് എല് ഷെഫീന പി, RS/336571 ഐ എച്ച് എച്ച് എല് ഷിജി സാജന് എന്ന ഫയലിലാണ് എഫ്.ടി.ഒ ഉണ്ടായിരുന്നത്.

**ഫോട്ടോ ഗ്രാഫുകൾ**

- ➢ ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ച് ഓരോ പ്രവൃത്തിയുടെയും മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഗ്രാഫുകൾ ഫയലില് ഉണ്ടായിരിക്കണം.
  - ❖ ഓഡിറ്റിന് വിധേയമാകിയ 18 ഫയലുകളിൽ പ്രവർത്തി കോഡ് LD/314015 ഫാം ബന്ഡിംഗ് അഗ്രഹാരം പ്രദേശം (റീ. 1), LD/314070 ഫാം ബന്ഡിംഗ് പഴശ്ശിക്കുന്ന് പ്രദേശം (റീ. 1), LD/314017 ഫാം ബന്ഡിംഗ് മുത്താറിമൂല പ്രദേശം (റീ. 1), LD/314016 ഫാം ബന്ഡിംഗ് പാണ്ടിക്കടവ് പ്രദേശം (റീ. 1), RC/285704 അഗ്രഹാരം- മൂത്താറിമൂലകുന്ന് മണ്ണ് റോഡ് എന്നീ 5 ഫയലുകളിൽ ഫൊട്ടൊഗ്രഫ് ഉണ്ടായിരുന്നില്ല.

ഈ ഫയലുകളില് അളവ് പുസ്തകത്തില് ഫോട്ടോ ചാർജ് ആയി 225 ചിലവായതായി കാണിക്കുകയും ഫയലിൽ ഫോട്ടോ സൂക്ഷിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു.

**ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ**

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും ജിയോ ടാഗ്ഗ് ചെയ്ത ഒരു ഫോട്ടോ ഗ്രാഫ് എങ്കിലും ഫയലില് ഉണ്ടായിരിക്കണം.
    - ❖ ഓഡിറ്റിന് വിധേയമാക്കിയ 18 പ്രവൃത്തി ഫയലുകളിലും ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ ഗ്രാഫുകൾ ഉണ്ടായിരുന്നില്ല.

**പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം**

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാല് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധന്റെ ഒപ്പോട് കൂടിയ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലില് ഉണ്ടായിരിക്കണം.

    പ്രവൃത്തി പൂർത്തിയായ ഫയലുകളില് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രംസൂക്ഷിചിട്ടില്ല.

**ഫയൽ ട്രാക്കിങ് ഫോറം**

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ മസ്റ്റർ റോളുകൾക്കും ഫയല് ട്രാക്കിങ് ഫോറംഉണ്ടായിരിക്കണം
    - ❖ ഓഡിറ്റിന് വിധേയമാക്കിയ 18 ഫയലുകളിലും ഫയൽട്രാക്കിങ് ഫോറം ഇല്ലായിരുന്നു.

**സൈറ്റ് ഡയറി**

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തികൾക്കും സൈറ്റ് ഡയറി ഉണ്ടായിരിക്കണം
    - ❖ ഓഡിറ്റിന് വിധേയമാകിയ 18 ഫയലുകളിൽ പ്രവർത്തി കോഡ് LD/314015 ഫാം ബന്ഡിംഗ് അഗ്രഹാരം പ്രദേശം (റീ. 1), LD/314070 ഫാം ബന്ഡിംഗ് പഴശ്ശിക്കുന്ന് പ്രദേശം (റീ. 1), LD/314017 ഫാം ബന്ഡിംഗ് മുത്താറിമൂല പ്രദേശം (റീ. 1), LD/314016 ഫാം ബന്ഡിംഗ് പാണ്ടിക്കടവ് പ്രദേശം (റീ. 1), RC/285704 അഗ്രഹാരം- മൂത്താറിമൂലകുന്ന്

മണ്ണ്, RC/273144 മൂത്താറിമൂലകുന്ന് റോഡ് കോൺക്രീറ്റ്, RC/272614 അഗ്രഹാരം പൊയില് റോഡ് കോൺക്രീറ്റ് എന്നീ 7 ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നു

- എന്നാൽ ,മറ്റുള്ള ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

## നിർദ്ദേശങ്ങൾ

- എല്ലാ പ്രവൃത്തി ഫയലുകളിലും കവർപേജുകള് ഉണ്ടായിരിക്കണം
- എല്ലാ പ്രവൃത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കണം
- ആക്ഷൻ പ്ലാനില് നിന്നു ബന്ധപ്പെട്ട പ്രവൃത്തിയുടെ പേര് വരുന്ന പേജ് കോപ്പി എടുത്ത് ഫയലിൽ സൂക്ഷിക്കണം
- ഭരണാനുമതി,സാങ്കേതികനുമതി എന്നിവയുടെ കോപ്പികള് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കണം
- മസ്റ്റർ റോള് ഫയലില് സൂക്ഷിക്കണം തിരുത്തുകള് വരാതിരിക്കാന് വേണ്ട നടപടികൾ എടുക്കണം മസ്റ്റര് റോള് എഴുത്തുന്നതില് തെറ്റ് വരാതിരിക്കാന് മേറ്റുമാർക്ക് പരിശീലനം നല്കണം. മസ്റ്റർ റോള്കളിൽ മെഷർമെന്റ് പുസ്തകത്തിന്റെ നമ്പർ രേഖപ്പെടുത്തണം.
- വ്യക്തിഗത ഉപഭോക്താക്കളുള്ള പ്രവർത്തികളില് ഓരോ വ്യക്തികളുടെ സ്ഥലത്തും എത്രത്തോളം പ്രവർത്തി ചെയ്തു എന്ന് അളവ് പുസ്തകത്തില് കൃത്യമായി രേഖപ്പെടുത്തണം.
- ഓരോ മസ്റ്റർ റോളിനും വേജ് ലിസ്റ്റ് ഫയലില് സൂക്ഷിക്കണം
- ഓരോ വേജ് ലിസ്റ്റിനും ഫണ്ട് ട്രാൻസ്ഫർ ഓർഡർ(എഫ്.ടി.ഒ) ഫയലിൽ സൂക്ഷിക്കണം
- പ്രവൃത്തി പൂർത്തീകരിച്ചാല് പൂർത്തീകരണ സാക്ഷ്യ പത്രം ഫയലില് സൂക്ഷിക്കണം
- മൂന്നു ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫുകളും ജിയോടാഗ്ഗ് ഫോട്ടോഗ്രാഫും ഫയലില് സൂക്ഷിക്കണം
- സൈറ്റ് ഡയറി നിർബന്ധമായും ഫയലില് ഉണ്ടായിരിക്കണം
- ആനുവൽ മാസ്റ്റര് പ്ലാനില് പറഞ്ഞിരിക്കുന്ന 22 രേഖകളും ഫയലില് സൂക്ഷിക്കണം.

## ഫീൽഡ് തല പരിശോധന

### ഫാം ബണ്ടിംഗ്:

തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികളില് വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികളില് ഉൾപ്പെടുന്ന പ്രവർത്തിയാണ് ഫാം ബണ്ടിംഗ്. ജലസംരക്ഷണത്തിനും ജലക്കൊയ്ത്തിനും സഹായകരമായ നിർമ്മിതി എന്നാ നിലക്കാണ് ഫാം ബണ്ടിംഗ് പ്രവർത്തികള് നടത്തുന്നത്.

താഴെ പറയുന്ന ഫാം ബണ്ടിംഗ് പ്രവർത്തികളാണ് വാർഡ് ഒന്നില് നടന്നിട്ടുള്ളത്.

1. 1603002001/LD/314015 ഫാം ബന്ഡിംഗ് അഗ്രഹാരം പ്രദേശം (റീ. 1)
2. 1603002001/LD/314016 ഫാം ബന്ഡിംഗ് പാണ്ടിക്കടവ് പ്രദേശം (റീ. 1)
3. 1603002001/LD/314070 ഫാം ബന്ഡിംഗ് പഴശ്ശിക്കുന്ന് പ്രദേശം (റീ. 1)
4. 1603002001/LD/314017 ഫാം ബന്ഡിംഗ് മുത്താറിമൂല പ്രദേശം (റീ. 1)

വാർഡില് നടന്നിരിക്കുന്ന മേല് പറഞ്ഞ പ്രവർത്തികളില് ഒരേക്കറില് കുറവ് ഭൂമിയുള്ള വ്യക്തിഗത ഉപഭോക്താകളുടെ സ്ഥലത്ത് തോട്ടം കിള മാത്രമാണ് ചെയ്തിട്ടുള്ളത്. ജലക്കൊയ്ത്തിനു സഹായകരമാവുന്ന തരത്തിൽ മണ്ണ്ബണ്ടുകള് ഉണ്ടാക്കിയിരിക്കുന്നത് കുറവാണ്. മേൽ പറഞ്ഞ പ്രവൃത്തികളില് ഒന്നും തന്നെ സൈറ്റ് ബോർഡ് ഫീൽഡില് കാണാൻ സാധിച്ചിട്ടില്ല. സൈറ്റ് ബോർഡ് പ്രവർത്തിയുടെ തുടക്കത്തില് ഫീൽഡില് സ്ഥാപിക്കേണ്ടതാണെന്നിരിക്കെ, മെഷർമെന്റ് പുസ്തകത്തില് 2000 രൂപ സി ഐ ബി ഇനത്തിൽ ചെലവ് കാണിച്ചിട്ടും ഫീൽഡില് ഇത്ര കാലമായിട്ടും ബോർഡ് സ്ഥാപിച്ചിട്ടില്ല

### ഭവന പദ്ധതി:

തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികളില് വിഭാഗം-ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം) എന്നാ വിഭാഗത്തിൽ പെടുന്നതാണ് ഭവന പദ്ധതികൾ. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകള് ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികള് പ്രകാരമോ ഏറ്റെടുക്കുന്ന

ഭവന നിർമ്മാണത്തിലെ അ വിദഗ്ധ കായിക തൊഴിൽ ഘടകം ആണ് ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നത്.

താഴെ പറയുന്ന ഭവന പദ്ധതി പ്രവർത്തികളാണ് വാർഡ് നാലില് നടന്നിട്ടുള്ളത്.

1. 1603002001/IF/381234 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ആയിഷ കെ
2. 1603002001/IF/370218 ലൈഫ് ഭവന നിർമ്മാണം ഗിരിജ
3. 1603002001/IF/359874 ലൈഫ് ഭവന നിർമ്മാണം റജീന
4. 1603002001/IF/381230 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം സാഹിറ നവീങ്കുമാര്
5. 1603002001/IF/363961 ലൈഫ് ഭവന പദ്ധതി സാവിത്രി ബാബുരാജ്
6. 1603002001/IF/393540 ലൈഫ് ഭവനം & ഐ എച്ച് എച്ച് എല് സുബൈദ
7. 1603002001/IF/359837 ലൈഫ് ഭവന നിർമ്മാണം സുജാത എം ആര്
8. 1603002001/IF/IAY/129666 IAY ഭവന നിർമ്മാണം അനിൽ കുമാർ

വീട് പണി സമയത്ത് നഷ്ടമാകുന്ന തൊഴിൽ ദിനങ്ങള് തൊഴിലാളിക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. 90 തൊഴിൽ ദിനങ്ങളാണ് ലഭ്യമാക്കുന്നത്. നാല് ഘട്ടങ്ങളായാണ് തൊഴിൽ ദിനങ്ങള് ലഭ്യമാക്കിയിട്ടുള്ളത്.

IF/381234 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം ആയിഷ കെ. വീടിൻ്റെ പണി നടന്ന് കൊണ്ടിരിക്കുകയായിരുന്നു. നിലവിൽ വീടിൻ്റെ വാർപ്പ് കഴിഞ്ഞിട്ടുണ്ട്. കക്കൂസ് നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

IF/370218 ലൈഫ് ഭവന നിർമ്മാണം ഗിരിജ, IF/359874 ലൈഫ് ഭവന നിർമ്മാണം റജീന, IF/381230 ലൈഫ് ഭവനം & കക്കൂസ് നിർമ്മാണം സാഹിറ നവീങ്കുമാര്, IF/363961 ലൈഫ് ഭവന പദ്ധതി സാവിത്രി ബാബുരാജ് എന്നിവരുടെ വീടിന്റെ പണി ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

## കക്കൂസ് നിർമ്മാണം

തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികളില് വിഭാഗം-ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങള് എന്ന വിഭാഗത്തില് പെടുന്നതാണ് കക്കൂസ് നിർമ്മാണം. നിർദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിനും,തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസ്സർജനം ഇല്ലാതാക്കുന്നതിനും

വേണ്ടി സ്വതന്ത്രമായോ സര്ക്കാര് വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ ,സ്കൂൾ ടോയിലെറ്റുകള്,അങ്കണവാടി ടോയിലെറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്ന പദ്ധതിക്ക് കീഴില് പെടുത്തിയാണ് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നത്.

1. 1603002001/RS/332693 ഐ എച്ച് എച്ച് എല് ഷെഫീന പി
2. 1603002001/RS/33657 1 ഐ എച്ച് എച്ച് എല് ഷിജി സാജന്
3. 1603002001/RS/345550 ഐ എച്ച് എച്ച് എല് ആയിഷ

എന്നീ പ്രവർത്തിയാണ് ഈ വിഭാഗത്തില് നാലാം വാർഡില് നടന്നിട്ടുള്ളത്. കക്കൂസ് നിർമ്മാണത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 6 തൊഴിൽ ലഭിക്കുകയും അതിന് അനുവദിച്ച വേതനം ലഭിക്കുകയും ചെയ്തു. 3 പ്രവര്ത്തിയും പൂർത്തികരിച്ചതായി പരിശോധനയിൽ കണാൻ കഴിഞ്ഞു.

## റോഡ് കോൺ ക്രീറ്റ്

1. 1603002001/RC/272614 അഗ്രഹാരം പൊയില് റോഡ് കോൺഗ്രീറ്റ്

അളവ് പ്രകാരം ഉള്ള റോഡു പണി പൂർത്തിയാക്കിയിട്ടുണ്ട്. നിളം 135 വീതി 2.90 വീതി ഇല്ലാത്ത സ്ഥലത്ത് നീളം കൂട്ടിയെടുത്തട്ടുണ്ട്.എന്നാൽ സിറ്റിസണ് ഇൻഫർമേഷന് ബോർഡ് സ്ഥാപിച്ചിട്ടില്ല

2. 1603002001/RC/273144 മൂത്താറിമൂലകുന്ന് റോഡ് കോൺഗ്രീറ്റ്

അളവ് പ്രകാരം ഉള്ള റോഡു പണി പൂർത്തിയാക്കിയിട്ടുണ്ട്. നിളം 115 വീതി 2.90. എന്നാല് സിറ്റിസൺ ഇൻഫർമേഷന് ബോർഡ് സ്ഥാപിച്ചിട്ടില്ല

3. 1603002001/RC/285704 അഗ്രഹാരം മൂത്താറിമൂലകുന്ന് മണ്ണ് റോഡ്

അളവ് പ്രകാരം ഉള്ള റോഡു പണി പൂർത്തിയാക്കിയിട്ടുണ്ട്. നീളം 200 മീറ്റർ, വീതി 6 മീറ്റർ ആണ് ഉള്ളത്. അത് തൊഴിലാളികളുടെ നല്ല പ്രവൃത്തിയായി കണക്കാക്കുന്നു. എന്നാല് സിറ്റിസൺ ഇൻഫർമേഷന് ബോർഡ് സ്ഥാപിച്ചിട്ടില്ല

## നിർദേശങ്ങള്

- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലുകളാണ് തൊഴിലാളികൾ പ്രവൃത്തി സ്ഥലത്തു ചെയ്യുന്നത് എന്നു ഉറപ്പ് വരുത്തണം.
- പ്രവൃത്തി ചെയ്യുന്ന സമയത്ത് നിർദേശങ്ങള് നല്കാന് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആളുടെ സന്ദർശനം നിർബന്ധമാകണം.
- പ്രവൃത്തി ചെയ്ത സ്ഥലത്തെ അളവുകൾ രേഖപ്പെടുത്തിയതിന് ശേഷം മാത്രം എം.ബുക്ക് എഴുതുക.
- അതാത് പ്രവൃത്തികൾ ചെയ്യേണ്ട സമയങ്ങളില് മാത്രം ചെയ്യുന്നതിനായി പ്ലാന് തയ്യാറാകുക
- കർഷകരുടെ ഭൂമിയില് ചെയ്യുന്ന പ്രകൃതി വിഭവ പരിപാലന പ്രവൃത്തികള് ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- സൈറ്റ് ഡയറികളിൽ സന്ദർശന വിവരങ്ങള് സാങ്കേതിക വിദഗ്ധര് നിർബന്ധമായും രേഖപ്പെടുത്തണം.
- സിറ്റിസാൻ ഇൻഫർമേഷന് ബോർഡ് പ്രവർത്തി തുടങ്ങുന്ന സമയത്ത് കൃത്യമായി ഫീൽഡില് സ്ഥാപിക്കണം.
- പദ്ധതി ആസൂത്രണത്തിൽ തൊഴിലാളികളെ പങ്കാളികലാക്കുകയും ഓരോ പ്രദേശത്തിന് ചേർന്ന തൊഴിലുകള് തൊഴിലാളികളുടെ നിർദേശ പ്രകാരം ഉൾപ്പെടുത്തുകയും വേണം.
- വ്യക്തിഗത ഉപഭോക്താക്കളുടെ താല്പര്യ പ്രകാരമല്ല മറിച്ച് പദ്ധതി ആസൂത്രണ പ്രകാരമാണ് പ്രവർത്തികള് ചെയ്യുന്നത് എന്നു ഉറപ്പു വരുത്തണം.
- ഓഫീസിൽ മസ്റ്റര് റോളുകളും സൈറ്റ് ഡയറിയും സ്വീകരിക്കുമ്പോള് എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്നു പരിശോധിക്കേണ്ടതാണ്.

## 7 രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റര്
2. ഗ്രാമസഭ  രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് കൊടുത്തതും സംബന്ധിച്ച രജിസ്റ്റര്
4. പ്രവൃത്തിയുടെ ലിസ്റ്റും,ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

പഞ്ചായത്തിലെ 7 രജിസ്റ്ററുകള് പരിശോധിച്ചതില് നിന്നു കണ്ടെത്തിയ കാര്യങ്ങള്

**തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റര്**

- കവർപേജ്  ഉണ്ടായിരുന്നു
- സെക്യൂറിൽ നിന്നു പ്രിന്റ് എടുത്ത് സൂക്ഷിച്ചിരിക്കുന്നു.
- കൃത്യമായി പരിപാലിച്ചിട്ടുണ്ട്

**ഗ്രാമ സഭ രജിസ്റ്റർ**

ഗ്രാമസഭ രജിസ്റ്ററില് 2018-19 വർഷത്തില് മൂന്ന് ഗ്രാമസഭകള് നടത്തിയിട്ടുണ്ട്.

- 3/11/18 ന് 2019-2020 വർഷത്തേക്കുള്ള ആക്ഷന് പ്ലാന് അങ്ങികരിക്കല്

  135 പേർ പങ്കെടുത്തു

  മിനുറ്റ്സ് ക്ലോസ്സ്ചെയ്തു

- 16/02/2018 നു ദേശിയ തൊഴിലുറപ്പ്  പദ്ധതിയുടെ സപ്ലിമെന്ററി ആക്ഷന് പ്ലാന് അങ്ങികരിക്കൽ

124പേർ പങ്കെടുത്തു

മിനുറ്റ്സ് ക്ലോസ്സ് ചെയ്തു

- 14/07/19 ന MGNREGA യിൽ ഉൾപെടുത്തി വ്യക്തിഗത ഗുണഭോക്താക്കലെ തിരഞ്ഞെടുക്കൽ(ആട്,കോഴി,കിണർ) 130പേർ പങ്കെടുത്തു.

മിനുറ്റ്സ് ക്ലോസ്സ് ചെയ്തു

**തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് കൊടുത്തതും സംബന്ധിച്ചുള്ള രജിസ്റ്റര്**

സെക്യൂർ നിന്നുള്ള കോപ്പി സൂക്ഷിച്ചിട്ടുണ്ട്

കവർപേജ് ഉണ്ടായിരുന്നു

**പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ചുള്ള രജിസ്റ്റര്**

പാർട്ട് എ പ്രവർത്തി രജിസ്റ്റര് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പാർട്ട് ബി പ്രവർത്തി തിരിച്ച് കൺസോളിഡേറ്റ് ചെയത് സൂക്ഷിച്ചിട്ടില്ല.

**സ്ഥിര ആസ്തികളുടെ രജിസ്റ്റർ**

- ആസ്തി രജിസ്റ്ററിൽ 9/6/2018 ന ശേഷം ഒരു ആസ്തിയുടെയും വിവരങ്ങള് രേഖപ്പെടുത്തിയിട്ടില്ല.

**പരാതി രജിസ്റ്റർ**

- 1/8/2016 ന ശേഷം ഒരു പരാതിയും രേഖപ്പെടുത്തിയിട്ടില്ല

**സാധനരജിസ്റ്റര്**

- കവർപേജ് ഉണ്ടായിരുന്നു
- 2018-19 വർഷത്തെ ലിസ്റ്റ് ഉണ്ടായിരുന്നു
- സെക്യൂർ കോപ്പിയാണ് ഫയലില് സൂക്ഷിച്ചിട്ടുള്ളത്.

**തൊഴിലിനുള്ള അപേക്ഷ**

തൊഴിലാളികൾ ആരും തന്നെ അവരവർക്ക് തൊഴില് ആവശ്യമുള്ള സമയത്ത് തൊഴിലിന് അപേക്ഷിക്കുന്നില്ല.എസ്റ്റിമേറ്റ് വരെ റെഡിആയതിനു ശേഷം തൊഴിലിന് അപേക്ഷിക്കുന്നതിനാൽ അപേക്ഷിച്ച് ദിവസത്തിനകം തൊഴില് ലഭിക്കുന്നതായാണ് കാണാൻ സാധിച്ചത്.ആയതിനാൽ ഇത് വരെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട ആവശ്യം വന്നിട്ടില്ല

**മസ്റ്റർ റോളുകള്**

പ്രവൃത്തി സ്ഥലത്തു മസ്റ്റർ റോള് എത്തിച്ചു നല്കേണ്ടത് അതതു ഓവർസിയര് മാര് ആണെന്നുള്ളത് 66791/dd2/14/LSGD തിയ്യതി 6/2/2015 ന പുറത്തിറക്കിയ സര്ക്കാര് ഉത്തരവ് പ്രകാരം പറയുന്നുണ്ടെങ്കിലും മേറ്റ് മാർ ത്തന്നെയാണ് മസ്റ്റര് റോള് പഞ്ചായത്തുകളിൽ എത്തിക്കുന്നത്.

## ഗ്രാമസഭയുടെ അഗീകാരം

30/10/2019 ന് വാർഡ് 4 പഴശ്ശി സ്കൂൾ പണ്ടികടവില് കൂടിയ സോഷ്യല് ഓഡിറ്റ് ഗ്രാമസഭയില് സ്വാഗത പ്രസംഗം വാർഡ് മെമ്പർ ശ്രീ. ജയപ്രകാശ് നിർവഹിച്ചു. സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ഹരിജ സോഷ്യൽ ഓഡിറ്റിനെ കുറിച്ചും സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും ആമുഖ പ്രസംഗത്തിൽ വിശദീകരിച്ചു. തുടർന്ന് തൊഴിലാളികളിൽ നിന്ന് കഴിഞ്ഞ വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ തികച്ച ശ്രീ. രാജപ്പനെ യോഗത്തിന്റെ അധ്യക്ഷനായി തിരഞ്ഞെടുത്തു. അധ്യക്ഷന്റെ അനുവാദത്തോടെ വി ആർ പി ഗോപിക ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തൊഴിലാളികളുടെ 10 അവകാശങ്ങളെക്കുറിച്ച് വി ആർ പി സജിലാഷ് സംസാരിച്ചു. തൊഴിലാളികളുടെ കടമകളെ കുറിച്ച് സംസാരിക്കുന്നതിനോടൊപ്പം അവരുടെ സംശയങ്ങൾക്കുള്ള വിശദീകരണവും ബി ആർപി ഹരിജ നൽകുകയുണ്ടായി.

പങ്കെടുത്തവർ - NREGS ഓവർസിയർ, വാർഡ് വികസന സമിതി അംഗങ്ങൾ, ഗ്രാമസഭ കോർഡിനേറ്റർ, വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ, കർഷകർ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺ, വില്ലേജ് റിസോഴ്സ് പേഴ്സൺമാർ

സൗജന്യമായി  തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശത്തെ കുറിച്ച് പറഞ്ഞപ്പോൾ എല്ലാവർക്കും അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിച്ചതായി അറിയിച്ചു. എന്നാൽ തൊഴിൽ കാർഡിനുള്ള ഫോട്ടോയുടെ ചിലവും കൂടാതെ പാസ് ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുടെ ചിലവും തൊഴിലാളികൾ തന്നെ എടുത്തു നൽകിയതായി അറിയിച്ചു. തുടർന്ന് ഇത് സൗജന്യമായി പഞ്ചായത്തിൽ നിന്നു തന്നെ എടുത്തു നൽകണമെന്ന് ഗ്രാമസഭയിൽ തീരുമാനിച്ചു.

മേറ്റുമാരുടെ ഭാഗത്തുനിന്നും എസ്റ്റിമേറ്റ് കോപ്പി, ക്രോഡീകരണ ഫോം, കർഷകരുടെ അപേക്ഷാ ഫോം എന്നിവ തയ്യാറാക്കുന്നതിന്  സ്വന്തം കയ്യിൽ നിന്നും  പണം ചിലവാകുന്നു എന്ന് മേറ്റായ ഷൈലജ അഭിപ്രായപ്പെട്ടു. തുടർന്ന് ഭരണസമിതി ഇടപെട്ടുകൊണ്ട്  പ്രിൻറ് ഔട്ട് ചെലവ് ഏറ്റെടുക്കുക എന്ന് ഗ്രാമസഭയിൽ തീരുമാനിച്ചു.

തൊഴിലിനുള്ള അപേക്ഷ എങ്ങനെയാണ് നൽകാറുള്ളത് എന്ന് ചോദിച്ചപ്പോൾ തൊഴിൽ തൊഴിലാളികൾക്ക് ആവശ്യമുള്ളപ്പോൾ ഡിമാൻഡ് ചെയ്യാറില്ലെന്നും ഇപ്പോൾ സൈറ്റ് ഡയറിയിൽ മാത്രമേ തൊഴിൽ ഡിമാന്റ് ചെയ്യാറുള്ളു എന്നും പറഞ്ഞു. തുടർന്ന് ഇനി മുതൽ തൊഴിലിനുള്ള അപേഷ വെള്ള പേപ്പറിയിൽ എഴുതി പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ നൽകുവാനും കൈപ്പറ്റു രസീത് വാങ്ങാനും അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലാ വേതനത്തിനുള്ള  പരാതി രേഖാമൂലം പഞ്ചായത്തിൽ  എഴുതി നൽകാനും ഗ്രാമസഭയിൽ തീരുമാനിച്ചു.

തൊഴിൽ ചെയ്തതിന് ശേഷം15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശത്തെകുറിച്ചുള്ള ചർച്ചയിൽ നിന്നും കുറേ മാസങ്ങളായി വേതനം ലഭിക്കുന്നില്ലാ എന്ന് എല്ലാ തൊഴിലാളികളും പറഞ്ഞു. പരാതി രേഖാമൂലം പഞ്ചായത്തിൽ കൊടുത്തോ എന്ന് ചോദിച്ചപ്പോൾ ഇല്ലായെന്നാണ് അഭിപ്രായപ്പെട്ടത്. തുടർന്ന്  തൊഴിൽ ചെയ്തു 15 ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ രേഖാമൂലം പരാതി  പഞ്ചായത്തിൽ  എഴുതി നൽകാനും ഗ്രാമസഭയിൽ തീരുമാനിച്ചു.

തൊഴിലിടങ്ങളില് അടിസ്ഥാന സൗകര്യങ്ങൾ  ലഭിക്കാനുള്ള അവകാശത്തെ കുറിച്ച് ചർച്ചകൾ നടന്നപ്പോൾ തണല്, വിശ്രമം, പ്രഥമ ശുശ്രൂഷ കിറ്റുകൾ എന്നിവ ലഭിക്കുന്നില്ലെന്ന് തൊഴിലാളികൾ അറിയിച്ചു.തുടർന്ന് ഇനി മുതൽ തൊഴിലിടങ്ങളില്  ഫസ്റ്റ് എയിഡ് ബോക്സ്, തണൽ എന്നിവ ലഭിക്കുമെന്ന് ഗ്രാമസഭയിൽ തീരുമാനിച്ചു.

പദ്ധതികള് ആസൂത്രണം ചെയ്യാറുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്ന്തൊഴിലാളികൾ പറഞ്ഞു. അയൽക്കൂട്ടം, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ കർഷകരേയും നാട്ടുകാരേയും ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യാൻ ഗ്രാമസഭയിൽ തീരുമാനിച്ചു.

തുടർന്ന് ഫയലുകളുടെ പരിശോധന അടിസ്ഥാനമാക്കിയുള്ള റിസോഴ്സ് പേഴ്സൺമാരുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് വി ആർ പി മാരായ ഗോപിക, ശരത് ,സജിലാഷ് എന്നിവർ അവതരിപ്പിച്ചു.

ഫയലിൽ സൂക്ഷിക്കേണ്ട 22 രേഖകളിൽ പല രേഖകളും ഫയൽ പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. ഇത് കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് റിസോൾസ് പേഴ്സൺ നിർദേശിച്ചു. ഉദ്യോഗസ്ഥർ ഇക്കാര്യം അംഗീകരിച്ചു.

തുടർന്ന് പ്രവർത്തിസ്ഥല പരിശോധനയുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ വി ആർ പി ശ്രുതി അവതരിപ്പിച്ചു. 7 രജിസ്റ്ററുകളുടെ വിവരങ്ങൾ വി ആർ പി രജിത വ്യക്തമാക്കി.

കോൺക്രീറ്റ് വർക്ക്, റോഡ് പണി തുടങ്ങിയ പ്രവർത്തികളിൽ തൊഴിലാളികൾക്ക് കൂടുതൽ വേതനം ലഭിക്കുമോ എന്ന് എല്ലാ തൊഴിലാളികളും ചോദിച്ചു. തുടർന്ന് കോൺക്രീറ്റ് വർക്ക്, റോഡ് പണി തുടങ്ങിയ പ്രവർത്തികളിൽ കണക്ക് പ്രകാരം അർദ്ധ വിദഗ്ധ തൊഴിലാളികളാകാൻ തൊഴിലുറപ്പ് തൊഴിലാളികൾ അർഹരാണെന്നും അവർക്ക് കൂടുതൽ വേതനം ലഭ്യക്കുമെന്നും NREGA ഉദ്യോഗസ്ഥൻ പറഞ്ഞു. അങ്ങനെയുള്ള തൊഴിലാളികളെ കണ്ടെത്തി അവർക്ക് വേണ്ട പ്രത്യേക ട്രെയിനിംഗ് നൽകാനും ഉള്ള പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ ഏർപ്പെടുത്തുമെന്നും പറഞ്ഞു.

**ചർച്ചയിൽ തൊഴിലാളികളുടെ ഭാഗത്തു നിന്നും ഉണ്ടായ അഭിപ്രായങ്ങൾ**

- ❖ തൊഴിലാളികൾ തങ്ങൾക്ക് കിട്ടിയ തൊഴിൽ കാർഡ് സൗജന്യമായല്ല കിട്ടിയതെന്നും ഫോട്ടോ, ഫോട്ടോസ്റ്റാറ്റിന്റെ കോപ്പി യുടെ ചിലവ് എല്ലാം കയ്യിൽ നിന്നാണ് മുടക്കിയതെന്നും അഭിപ്രായപ്പെട്ടു.
- ❖ വാർഡിൻറെ ഒരു ഭാഗങ്ങളിലേക്ക് തൊഴിൽ ലഭ്യമാകുന്നില്ല.
- ❖ ഡിമാൻഡ് ചെയ്യുന്നതിൻറെ വിശദവിവരം മേറ്റ് മാർക്ക് വ്യക്തമല്ല.
- ❖ പ്രസന്നൻ എന്ന കർഷക തൊഴിലാളി ഇത്ര വർഷമായിട്ടും തൊഴിലാളികൾക്ക് നീതിനിഷേധിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും അഭിപ്രായപ്പെട്ടു.
- ❖ കുടിവെള്ളം കിട്ടുന്നുണ്ട് അതിനുള്ള പാത്രം മേറ്റ് ൻറെ വീട്ടിൽ നിന്നും അല്ലെങ്കിൽ ഉടമസ്ഥരുടെ വീട്ടിൽ നിന്നും കൊണ്ടുവരണം എന്ന് മേറ്റ് വിഷമം പ്രകടിപ്പിച്ചു.
- ❖ തൊഴിൽ സ്ഥലത്ത് തണൽ കിട്ടുന്നില്ല
- ❖ കോൺക്രീറ്റ് വർക്കിനിടയിൽ തൊഴിലാളിയായ റീനയുടെ കൈ കുടുങ്ങി പരിക്കേറ്റു എന്നാൽ ചികിത്സാചെലവ് കിട്ടിയില്ലെന്ന് തൊഴിലാളിയായ റീന അഭിപ്രായപ്പെട്ടു.
- ❖ ഷൈലജ (മേറ്റ്) ഭാഗത്തുനിന്നും എസ്റ്റിമേറ്റ് കോപ്പി ,ക്രോഡീകരണ ഫോം, കർഷകരുടെ അപേക്ഷാ ഫോം എന്നിവ തയ്യാറാക്കുന്നതിന് സ്വന്തം കയ്യിൽ നിന്നും പണം ചിലവാക്കി ആണ് ആണ് എന്ന് അവകാശപ്പെട്ടു
- ❖ തൊഴിൽ സമയം കുറയ്ക്കണം

- ഭൂമിയുടെ കുറവ് കാരണം സ്വയം തൊഴിൽ കണ്ടെത്തി ചെയ്യാൻ കഴിയുന്നില്ല
- തൊഴിലുറപ്പ പദ്ധതിയിൽ ക്ഷീരമേഖലയ്ക്ക് പ്രാധാന്യം നൽകണം
- ഭവന പദ്ധതിയുടെ മാസ്റ്റർ റോളുകൾ മേറ്റ് കൈകാര്യം ചെയ്യണമെന്ന നിർദേശം ലഭിച്ചിട്ടില്ല.
- റോഡ് പണി, കോൺക്രീറ്റ് വർക്കുകൾ തുടങ്ങിയ  മെറ്റീരിയൽ വർക്കുകൾക്ക്  കൂലി കൂട്ടണം എന്നിങ്ങനെ തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
- ക്ഷീരകർഷകർക്ക് ഗുണപ്രദം ആകുന്ന പദ്ധതികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ പ്രാധാന്യം നൽകണം
- തോട്ടം പരണ്ടൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- കർഷകർക്ക് ഉപകാരപ്രദമാകുന്ന തോട്ടം കിള നെൽകൃഷി നെൽകൃഷി തുടങ്ങിയ ആസ്തി വികസന പ്രവൃത്തികളായ കപ്പ, ചേമ്പ് എന്നിവ ഏറ്റെടുക്കണം (അധ്യക്ഷൻ)
- കൂലി 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് അഭിപ്രായപ്പെട്ടു (അധ്യക്ഷൻ)

**നിർദേശങ്ങൾ**

- തൊഴിൽ കാർഡ് എടുക്കുന്ന മുഴുവൻ പേർക്കും ഫോട്ടോ സഹിതം സൗജന്യമായി ലഭ്യമാക്കും.
- തൊഴിൽ ആവശ്യമുള്ള മുഴുവൻ പേർക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് അടിയന്തിരമായി തൊഴിലിടങ്ങളിൽ സ്ഥാപിക്കുക.
- ഓഫീസ് ഫയൽ ക്രമീകരണം കൃത്യമായി തന്നെ ചെയ്യുക.
- ഓരോ കാലാവസ്ഥക്കും അനുയോജ്യമായ രീതിയിലുള്ള പണികൾ അതാത് സമയങ്ങളിൽ ചെയ്യുക.

**തീരുമാനങ്ങൾ**

- തൊഴിൽ കാർഡ് സൗജന്യമായി ലഭ്യമാക്കുക.
- തൊഴിൽ ആവശ്യമുള്ള മുഴുവൻ പേർക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- വേതനം കൃത്യസമയത്ത് ലഭിക്കുന്നില്ലെങ്കിൽ രേഖാമൂലം പരാതി എഴുതി പഞ്ചായത്തിൽ നൽകുക.
- 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ എഴുതി പഞ്ചായത്തിൽ നൽകുക.
- ഭരണസമിതി ഇടപെട്ടുകൊണ്ട് എല്ലാ സൈറ്റിലേക്കുമുള്ള പ്രഥമശുശ്രൂഷ കിറ്റ് ലഭ്യമാക്കുക
- തൊഴിലിടങ്ങളിൽ വേണ്ട സൗകര്യങ്ങൾ (ഷീറ്റ്) പഞ്ചായത്ത് ഭരണസമിതി ഇടപെട്ട് ലഭ്യമാക്കൽ
- മേറ്റ് മാർക്ക് കൃത്യമായ ട്രെയിനിങ് നൽകുക
- അയൽക്കൂട്ടം, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ കർഷകരേയും നാട്ടുകാരേയും ഉൾപ്പെടുത്തി അനുവൽ മാസ്റ്റർ സെർക്കുലാർ പ്രകാരമുള്ള പ്രവർത്തികൾ കണ്ടെത്തി പദ്ധതി ആസൂത്രണം ചെയ്യുക.
- പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന എസ്റ്റിമേറ്റ് സാധാരണക്കാർക്കും കൂടി മനസ്സിലാക്കുന്ന തരത്തിൽ ജനകീയ ഭാഷയിൽ തയ്യാറാക്കുക.
- ഭരണസമിതി ഇടപെട്ടുകൊണ്ട് പ്രിൻറ് ഔട്ട് ചെലവ് ഏറ്റെടുക്കുക

വാർഡ് വികസന സമിതി അംഗവും ഗ്രാമസഭ കോർഡിനേറ്ററുമായ ശ്രീമതി എൽസമ്മ ടീച്ചർ നന്ദി അറിയിച്ചു. രാവിലെ 10.50 ന് ആരംഭിച്ച ഗ്രാമസഭ ഉച്ചക്ക് 1.05 ന് അവസാനിച്ചു. അധ്യക്ഷൻ ശ്രീ. രാജപ്പൻ ഗ്രാമസഭ പിരിച്ചുവിട്ടു.